**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളായ കോർപ്പറേഷനുകളുടെ നാമം, മേയർമാരെ അഭിസംബോധന ചെയ്യൽ എന്നിവ പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

==================================================================

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

സ.ഉ. (കയ്യെഴുത്ത്) നം. **150/2013**/തസ്വഭവ തിരുവനന്തപുരം, തീയതി, **19.04.2013**

==================================================================

**<u>ഉത്തരവ്</u>**

1835-ലെ ഇന്ത്യൻ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഇന്ത്യയിലെ വലിയ നഗരങ്ങൾ 'മുനിസിപ്പൽ കോർപ്പറേഷൻ' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇതനുസരിച്ച് ഡൽഹി, മുംബൈ, ഹൈദരാബാദ്, ബാംഗ്ലൂർ, കൊൽക്കത്ത തുടങ്ങി കേരളത്തിന് പുറത്തുള്ള നഗരങ്ങൾ മുനിസിപ്പൽ കോർപ്പറേഷൻ എന്നാണ് അറിയപ്പെടുന്നത്. വിദേശ രാജ്യങ്ങളിലെ നഗരങ്ങളും 'മുനിസിപ്പൽ കോർപ്പറേഷൻ' എന്ന പേര് പൊതുവായി സ്വീകരിച്ചിട്ടുണ്ട്. മുനിസിപ്പൽ ആക്ടിലും സർക്കാരിന്റെ ഒട്ടുമിക്ക രേഖകളിലും മുനിസിപ്പൽ കോർപ്പറേഷൻ എന്ന പേര് രേഖപ്പെടുത്തുമ്പോൾ തന്നെ കേരളത്തിൽ മുനിസിപ്പൽ എന്ന പദം ഒഴിവാക്കി കോർപ്പറേഷൻ എന്നു മാത്രമാണ് ഉപയോഗിക്കുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ നഗരങ്ങളുമായും വിദേശരാജ്യങ്ങളിലെ നഗരങ്ങളുമായും മറ്റും ബന്ധപ്പെടുമ്പോൾ കോർപ്പറേഷൻ എന്ന പദം പല ധാരണപ്പിശകുകൾക്കും കാരണമാവാറുണ്ട്. കോർപ്പറേഷൻ എന്ന പദം പല സ്വകാര്യ സ്ഥാപനങ്ങളും ഉപയോഗിച്ച് വരുന്നതാണ് ഈ തെറ്റിദ്ധാരണക്ക് അടിസ്ഥാനം. ഈ സാഹചര്യത്തിൽ കേരളത്തിലെ നഗരങ്ങളുടെ പ്രൌഢിക്ക് യോജിച്ച വിധം കോർപ്പറേഷൻ എന്ന പദപ്രയോഗം നിയമത്തിൽ വ്യക്തമാക്കിയതുപോലെ 'മുനിസിപ്പൽ കോർപ്പറേഷൻ' എന്നു തന്നെ ഉപയോഗിക്കേണ്ടതാണെന്ന് കാണുന്നു.

2. അതുപോലെതന്നെ കോർപ്പറേഷനുകളിലെ മേയർമാരെ 'ആരാധ്യനായ/ആരാധ്യയായ മേയർ' എന്നാണ് അഭിസംബോധന ചെയ്തുവരുന്നത്. ഇന്ത്യയിലെ ജനാധിപത്യ ക്രമത്തിൽ ഒരു പദവിയിലും ഇത്തരം പദപ്രയോഗങ്ങൾ ഉപയോഗിക്കാറില്ല. മുനിസിപ്പൽ ആക്ടിലും ചട്ടങ്ങളിലും ഇങ്ങനെ നിർദ്ദേശവുമില്ല. രാഷ്ട്രപതി മുതൽ പ്രാദേശിക ഘടകം വരെ തെരെഞ്ഞെടുക്കപ്പെട്ടവരെ 'ബഹുമാനപ്പെട്ട/ബഹുമാന്യയായ' എന്നാണ് അഭിസംബോധന ചെയ്യാറുള്ളത്. അതുകൊണ്ട്തന്നെ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാരെയും "ബഹുമാനപ്പെട്ട/ബഹുമാന്യയായ" എന്ന് അഭിസംബോധന ചെയ്യുന്നതായിരിക്കും ഉചിതം എന്നും നിരീക്ഷിക്കുകയുണ്ടായി.

3. ഈ സാഹചര്യത്തിൽ കോർപ്പറേഷൻ എന്ന പദപ്രയോഗം നിയമത്തിൽ നിഷ്കർഷിക്കുന്നതുപോലെ 'മുനിസിപ്പൽ കോർപ്പറേഷൻ' എന്നു തന്നെ ഉപയോഗിക്കണമെന്നും

മുനിസിപ്പൽ കോർപ്പറേഷൻ മേയർമാരെ 'ആരാധ്യനായ/ആരാധ്യയായ മേയർ' എന്ന് അഭിസംബോധന ചെയ്യുന്നതിന് പകരം 'ബഹുമാനപ്പെട്ട/ബഹുമാന്യയായ മേയർ' എന്ന് അഭിസംബോധന ചെയ്യണമെന്നും നിഷ്കർഷിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വി. എസ്. ശെന്തിൽ**
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേനെ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളിലും പരസ്യപ്പെടുത്തുന്നതിന്)
പൊതുഭരണ (എസ്.സി.) വകുപ്പ് (ഐറ്റം നം. 3400 തിയതി, 17.04.2013 പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ